പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :563 29.01. 2019 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിലെ തസ്തികകൾ വെട്ടിക്കുറയ്ക്കൽ

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ.എം.എം.മണി<br>വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ജീവനക്കാരെ പിരിച്ചുവിടാതെ തസ്തിക കുറയ്ക്കുന്നതു പഠിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നോ; ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ചിരുന്നോ; വിശദമാക്കാമോ; | (എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും, പുന:ക്രമീകരണവും സംബന്ധിച്ച് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠനം നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കൊണ്ടുവരേണ്ട സാങ്കേതികവും, ഘടനാപരവുമായ മാറ്റങ്ങളാണ് ആദ്യ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. രണ്ടാമത്തെ റിപ്പോർട്ടിൽ മുഖ്യമായും കോർപ്പറേറ്റ് ഓഫീസിൽ വരുത്തേണ്ട ഘടനാപരമായ മാറ്റങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽബോർഡിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) വൈദ്യുതി ബോർഡിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ അതുപോലെ നിലനിർത്തി എഞ്ചിനീയർമാരുടെ തസ്തികകൾ മാത്രം വെട്ടിക്കുറയ്ക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള ആക്ഷേപങ്ങൾ വല്ലതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ